## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2381 — 12/03/2020- ൽ മറുപടിയ്ക്ക്

### കണ്ടൽകാടുകളുടെ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | അഡ്വ: കെ. രാജു<br>(ബഹു.വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | ജൈവ വൈവിദ്ധ്യങ്ങളുടെ കലവറയായ കണ്ടൽ കാടുകൾ സംരക്ഷിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ജൈവ വൈവിധ്യങ്ങളുടെ കലവറയായ കണ്ടൽ കാടുകൾ സംരക്ഷിക്കുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ Conservation and Management of Mangroves in Vembanad and Kannur (60% CSS) എന്ന പദ്ധതിക്കായി 2017-2018-ൽ 294.53 ലക്ഷം രൂപയും 2018-2019-ൽ 231.2 ലക്ഷം രൂപയും ചെലവാക്കിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയിൽ 106.92 ലക്ഷം രൂപ കേന്ദ്ര ഫണ്ട് ലഭിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം വനം വകുപ്പ് കണ്ടൽ തൈകളും, തീരപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് എന്നിവ ഉത്പാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും, കൂടാതെ നട്ടുപിടിപ്പിക്കുന്നതിനായി പൊതു ജനങ്ങൾക്ക് വിതരണവും ചെയ്യുന്നു. കൂടാതെ കണ്ടൽചെടി നടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോൽസാഹനമായി പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി കുടിവെള്ള വിതരണം, ഗ്യാസ് കണക്ഷൻ, ബയോ ഗ്യാസ് പ്ലാൻറ് നിർമ്മാണം, മീൻകുഞ്ഞുങ്ങളുടെ വിതരണം എന്നീ പ്രവൃത്തികളും നടത്തിവരുന്നു. കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും, തൃശ്ശൂർ ജില്ലയിൽ 3.385 ഹെക്ടറും കണ്ടൽ വനങ്ങൾ വനം നിയമം സെക്ഷൻ 19 പ്രകാരം റിസർവ് ഫോറസ്റ്റായും, കോഴിക്കോട് ജില്ലയിൽ 2.82 ഹെക്ടറും, മലപ്പുറം ജില്ലയിൽ 20.78 ഹെക്ടറും, കാസർഗോഡ് ജില്ലയിൽ 54.695 ഹെക്ടറും കണ്ടൽ വനങ്ങൾ വന നിയമം സെക്ഷൻ 4 പ്രകാരം "പ്രൊപ്പോസ്ഡ്" റിസർവ് ഫോറസ്റ്റായും വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചു വരുന്നുണ്ട്. നിലവിലുള്ള നിയമ നടപടി ക്രമങ്ങൾക്കനുസൃതമായി കണ്ടൽ കാടുള്ള മറ്റു ഭൂമികൾ റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. സ്വകാര്യ വ്യക്തികൾക്ക് സ്വകാര്യ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4000 രൂപ നിരക്കിൽ സർക്കാർ ഉത്തരവ് നമ്പർ ജി.ഓ (ആർ.റ്റി) 485/16 തീയതി 24/12/16-ലെ മാനദണ്ഡങ്ങൾ അനുസരിച്ച് ധന സഹായം നൽകി വരുന്നു. കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ജനങ്ങളിലും, കുട്ടികളിലും എത്തിക്കുന്നതിലേക്കായി സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നുണ്ട്. കൂടാതെ വനംവകുപ്പിന്റെ പ്രസിദ്ധീകരണമായ അരണ്യം മുഖേനയും കണ്ടലിന്റെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരണം നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ടൽ വനങ്ങൾ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? ; | (ബി) | സംസ്ഥാനത്ത് റീ-ബിൽഡ് കേരളാ പദ്ധതിയിൽ ഉൾപ്പെടുത്തി സ്വകാര്യ കണ്ടൽക്കാടുകൾ ഏറ്റെടുത്ത് സംരക്ഷിയ്ക്കുന്നതിന് പദ്ധതി നിലവിലുണ്ട്. കൊല്ലം സോഷ്യൽ ഫോറസ്ട്രി റീജിയണിന്റെ പരിധിയിൽ വരുന്ന കൊല്ലം, കോട്ടയം എന്നീ സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകളിൽ കണ്ടൽകാടുകൾ വിട്ടുനൽകുന്നതിന് താല്പര്യമുള്ള വ്യക്തികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. എറണാകുളം സോഷ്യൽ ഫോറസ്ട്രി റീജിയന്റെ പരിധിയിൽ വരുന്ന തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ തൃശ്ശൂർ ജില്ലയിലെ പുല്ലൂറ്റ്, വെണ്മനാട് വില്ലേജുകളിൽ 42 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൽ 9.33 ഹെക്ടർ സ്ഥലം സ്വകാര്യ വ്യക്തികളിൽ നിന്നും പണം നൽകി ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി റീജിയന്റെ പരിധിയിൽ വരുന്ന മലപ്പുറം, കണ്ണൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകളിലും സ്വകാര്യ കൈവശത്തിലുള്ള കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

Signature valid
Digitally signed by ANJALYDEVI A G
Date: 2020.03.10 14:36:01 IST
Reason: Approved

സെക്ഷൻ ഓഫീസർ